ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 29.06.2025 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. വനിതകൾ നയിക്കുന്ന വികസന മന്ത്രം രാജ്യത്തെ പുതിയ ഭാവി കെട്ടിപ്പടുക്കാൻ സജ്ജമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എല്ലാ മേഖലകളിലും ഇന്ത്യ പൂർണ്ണതയോടെ മുന്നേറുകയാണെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി.

   **The women-led development mantra will prepare the country to build a new future, Prime Minister Narendra Modi Says in Mann Ki Baat, India is progressing with perfection in all fields, the PM added.**

2. രണ്ടു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ഉത്തർപ്രദേശിലെത്തും.

   **President Draupadi Murmu will arrive in Uttar Pradesh tomorrow for a two-day visit.**

3. രാജ്യത്തെ മാവോയിസ്റ്റുകളിൽ നിന്ന് മുക്തമാക്കുമെന്ന് ആവർത്തിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah reiterates that the country will be free from Maoists.**

4. കേരള പോലീസിന്റെ മുഖം കൂടുതൽ മാനുഷികമായി മാറിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **The face of Kerala Police has become more humane-Chief Minister Pinarayi Vijayan says.**

5. രാജ്യമൊട്ടാകെ കാലവർഷം എ ത്തിച്ചേർന്നു. സംസ്ഥാനത്ത് മഴ തുടരും. മു ല്ലപ്പെരിയാർ ഡാം തുറന്നു.

**Monsoon has arrived across the country. Rains will continue in the state. Mullaperiyar dam opened.**

6. വനിതാ എഫ്ഐഎ ച്ച് പ്രോ ലീഗ് ഹോ ക്കിയിൽ ഇന്ത്യ - ചൈന പോരാ ട്ടം അൽപ്പസമയത്തിനകം.

**India-China clash in Women's FIH Pro League Hockey soon.**

**&&&&&&&&&&&&&&&&&**

## HEADLINE-1

## MANN KI BAAT-1 (INTRO)

വനിതകൾ നയിക്കുന്ന വികസനത്തിന്റെ മന്ത്രം രാജ്യത്തെ പുതിയ ഭാവി കെട്ടിപ്പടുക്കാൻ സജ്ജമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മൻ കി ബാത്തിന്റെ 123 ആം പതിപ്പിലൂടെ രാജ്യത്തെ പൗരൻമാരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ അമ്മമാരും സഹോദരിമാരും പെൺമക്കളും തങ്ങൾക്ക് വേണ്ടി മാത്രമല്ല, മുഴുവൻ സമൂഹത്തിനും വേണ്ടി പുതിയ പാത സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ വിവിധ കേന്ദ്രങ്ങളിലെ വനിതകൾ കൈവരിച്ച നേട്ടവും പ്രധാനമന്ത്രി മൻ കീ ബാത്തിൽ ചൂണ്ടിക്കാട്ടി.

(പി.എം.ബൈ റ്റ്/വോയിസ്)

*രാജ്യത്തിന്റെ എല്ലാ കോണുകളിലുമുള്ള അസംഖ്യം സ്ത്രീകൾ അവരുടെയും രാജ്യത്തിന്റെയും*

*വിധി മാറ്റിക്കൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കഴിവുകൾ വികസിപ്പിക്കണമെങ്കിൽ, ശാരീരികക്ഷമതയിലും ക്ഷേമത്തിലും പൗരൻമാർ ശ്രദ്ധ കേന്ദ്രീകരിക്കണം. ജനങ്ങൾ, അമിതവണ്ണം കുറക്കുന്നതിന് ഭക്ഷണത്തിലെ എണ്ണയുടെ അളവ് 10% കുറയ്ക്കണമെന്നും*

*അദ്ദേഹം അഭ്യർത്ഥിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരെ ധീരമായി പോരാടിയ എല്ലാവരെയും എപ്പോഴും ഓർക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. അടിയന്തരാവസ്ഥ ഏർപ്പെടുത്തിയവർ ഭരണഘടനയെ ഇല്ലായ്മ ചെയ്യുന്നത് മാത്രമല്ല, നീതിന്യായ വ്യവസ്ഥയെ അടിമയായി നിലനിർത്താനും ലക്ഷ്യമിട്ടു. ആ കാലയളവിൽ, ആളുകളെ വലിയ തോതിൽ പീഡിപ്പിച്ചു. അടിയന്തിരാവസ്ഥയുടെ 50ാ‍ം വർഷം 'സംവിധാൻ ഹത്യാ ദിവസ്' ആചരിച്ചത് ഭരണഘടനാസംരക്ഷണത്തിന്റെ ജാഗ്രത പാലിക്കാൻ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.*

**(പി.എം. വോയിസ്)**

*ആരോഗ്യം മുതൽ സാമൂഹിക സുരക്ഷ വരെ, എല്ലാ മേഖലകളിലും ഇന്ത്യ ഇന്ന് പൂർണ്ണതയോടെ മുന്നേറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. അക്ഷീണം പോരാടിയ ദശലക്ഷക്കണക്കിന് ആളുകളുടെ കഠിനാധ്വാനത്തിന്റെ ഫലമായി നേത്രരോഗമായ ട്രാക്കോമയിൽ നിന്ന് ഭാരതത്തെ മുക്തമാക്കാൻ കഴിഞ്ഞു. 'സ്വച്ഛ് ഭാരത് അഭിയാൻ', 'ജൽ ജീവൻ മിഷൻ' തുടങ്ങിയ പദ്ധതികൾ രാജ്യമുന്നേറ്റത്തിൽ വളരെയധികം സംഭാവന നൽകിയെന്നും ശ്രീ നരേന്ദ്രമോദി വ്യക്തമാക്കി. ഭാരതത്തിലെ ഭൂരിഭാഗം ജനങ്ങളേയും ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സംരക്ഷണപദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താനായെന്നും പ്രധാനമന്ത്രി പറഞ്ഞു. 2015 വരെ സർക്കാർ പദ്ധതികൾ 25 കോടിയിൽ താഴെ ആളുകളിൽ മാത്രമേ എത്തിയിരുന്നുള്ളൂ. ഇന്ന് രാജ്യത്തെ ഏകദേശം 95 കോടി ആളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.*

(പി.എം. വോയിസ്)

********************

## MANN KI BAAT-2

പരിസ്ഥിതിയെ സംരക്ഷണത്തിൽ പൗരൻമാരുടെ സംഭാവന ഭൂമിക്ക് വലിയ ശക്തിയായി മാറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗുജറാത്തിലെ അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷൻ ആരംഭിച്ച 'മിഷൻ ഫോർ മില്യൺ ട്രീസ്' ക്യാമ്പെയ്ൻ ഓപ്പറേഷൻ സിന്ദൂറിലെ വീരന്മാർക്ക് സമർപ്പിച്ചിരിക്കുന്നു. ഗ്രാമത്തിലോ നഗരത്തിലോ നടക്കുന്ന അത്തരം ക്യാമ്പെയ്നുകളിൽ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ച പ്രധാനമന്ത്രി 'ആത്മനിർഭർ ഭാരത് അഭിയാൻ' പദ്ധതിക്ക് കൂടുതൽ പിന്തുണ നൽകണമെന്നും ആവശ്യപ്പെട്ടു.

********************

## HEADLINE-2

## PREZ - UTTAR PRADESH

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി നാളെ ഉത്തർപ്രദേശിലെത്തും. നാളെ ബറേലിയിലെ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂറ്റിന്റെയും ഗോരഖ്പൂർ എയിംസിന്റെയും ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. മറ്റെന്നാൾ ഗോരഖ്പൂർ ആയുഷ് സർവകലാശാലയും മഹായോഗി ഗോരഖ്നാഥ് സർവകലാശാലയും സന്ദർശിക്കും.

********************

## HEADLINE-3

## TELANGANA - AMIT SHAH

2026 മാർച്ച് 31-നകം രാജ്യത്തെ മാവോയിസ്റ്റുകളിൽ നിന്ന് മുക്തമാക്കുമെന്ന് ആവർത്തിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. തെലങ്കാനയിലെ നിസാമാബാദിൽ നടന്ന കിസാൻ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആയുധങ്ങൾ കൈവശം വച്ചിരിക്കുന്ന തീവ്രവാദികളുമായി ചർച്ച നടത്തില്ലെന്നും ആയുധങ്ങൾ ഉപേക്ഷിച്ച് ദേശീയ മുഖ്യധാരയിൽ ചേരാൻ ഇടത് തീവ്രവാദികളോട് ശ്രീ ഷാ ആവശ്യപ്പെട്ടു. നിസാമാബാദിൽ മഞ്ഞൾ ബോർഡിന്റെ ദേശീയ ആസ്ഥാനവും മന്ത്രി ഉദ്ഘാടനം ചെയ്തു.

********************

## OM BIRLA - CPA CONFERENCE

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ രണ്ടാമത്തെ മേഖലയുടെ വാർഷിക സമ്മേളനം നാളെ ലോക്‌സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം ചെയ്യും. ധർമ്മശാലയിലെ തപോവനിലാണ് സമ്മേളനം. ഡൽഹി, ഹരിയാന, ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുന്നു.

********************

## FPIs

ആഗോളതലത്തിൽ രാഷ്ട്രീയ-വ്യാപാര സംഘർഷങ്ങൾക്കിടയിലും ഇന്ത്യൻ വിപണിയിൽ വിദേശ നിക്ഷേപകരുടെ ഒഴുക്ക്. 13,107 കോടിയിലധികം രൂപയുടെ വിദേശ നിക്ഷേപമാണ് കഴിഞ്ഞ ഒരാഴ്ചക്കിടെ ഇന്ത്യൻ വിപണിയിലെത്തിയത്. ഇന്ത്യൻ വിപണിയിൽ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ഡാറ്റ അനുസരിച്ച്, മെയ് മാസം 19,860 കോടിയുടെ വിദേശനിക്ഷേപമാണ് ലഭിച്ചത്.

********************

## HEADLINE-4
## CM- KANNUR

കേരള പോലീസിൽ സമൂലമായ മാറ്റം ഉണ്ടായ കാലമാണ് പിന്നിട്ടതെന്നും പോലീസിന്റെ മുഖം കൂടുതൽ മാനുഷികമായി മാറിയെന്നും എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ ജില്ലയിലെ പിണറായി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഓരോ ദുരന്തകാലത്തും വിഷമത അനുഭവിക്കുന്ന ജനത്തോടൊപ്പം നല്ല നിലയിലാണ് പോലീസ് പ്രവർത്തിച്ചത്. കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിലും രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്നതാണ് കേരള പോലീസെന്നും അദ്ദേഹം പറഞ്ഞു.

*********************

## HEADLINE-5
## MONSOON-ENTIRE COUNTRY

രാജ്യമൊട്ടാകെ കാലവർഷം എത്തിച്ചേർന്നതായി കേന്ദ്രകലാവസ്ഥാവകുപ്പ്. സാധാരണയിൽ നിന്ന് ഒൻപത് ദിവസം മുൻപാണ് ഇത്തവണ മൺസൂൺ എത്തിയത്. വടക്ക് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്രകലാവസ്ഥാവകുപ്പ് അറിയിച്ചു. വടക്ക്, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഒരാഴ്ച കനത്ത മഴ തുടരും.

*********************

## DAY HP - RAINS

ഹിമാചൽ പ്രദേശിൽ തുടർച്ചയായി പെയ്യുന്ന കനത്ത മഴയിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ 34 പേർക്ക് ജീവൻ നഷ്ടമായി. 74 ലധികം പേർക്ക് പരിക്കേറ്റു. 4 പേരെ

കാണാതായി. കൽക്ക-ഷിംല ഹെറിറ്റേജ് റെയിൽവേ ട്രാക്കിൽ, മരങ്ങൾ വീണതിനെ തുടർന്ന് ട്രെയിൻ സർവീസുകൾ തടസ്സപ്പെട്ടു. ഉത്തരാഖണ്ഡിലെ ഉത്തരകാശി ജില്ലയിലുണ്ടായ മേഘവിസ്ഫോടനത്തിൽ ഒമ്പത് നിർമ്മാണ തൊഴിലാളികളെ കാണാതായി. വിവിധ വിഭാഗങ്ങൾ രക്ഷാ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ചാർ ധാം യാത്രയും അടുത്ത 24 മണിക്കൂർ നേരത്തേക്ക് നിർത്തിവച്ചു

********************

## HEADLINE-5a
## WEATHER KERALA

കേരളത്തിലും മഴ തുടരും. ഇന്ന് ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നു കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

********************

## HEADLINE-5b
## MULLAPERIYAR

ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ഇടുക്കി മുല്ലപ്പെരിയാർ ഡാം തുറന്നു. 12 മണിയോടെയാണ് 13 സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങിയത്. റൂൾ കർവ് ലെവലായ 136 അടിയിൽ ജലനിരപ്പ് നിയന്ത്രിച്ച് നിർത്തുന്നതിന്റെ ഭാഗമായാണ് നടപടി. പെരിയാറിന് ഇരുകരകളിലും കർശന ജാഗ്രത ഏർപ്പെടുത്തിയിട്ടുണ്ട്.

********************

## V SIVANKUTTY

സ്കൂളിലെ അക്കാദമിക-അക്കാദമികേതര കാര്യങ്ങൾ തീരുമാനിക്കുന്നത് സർക്കാർ ആണെന്ന് മന്ത്രി വി ശിവൻകുട്ടി. അക്കാദമിക കാര്യങ്ങളിൽ ആജ്ഞാപിക്കാൻ ആർക്കും അവകാശമില്ല. സൂമ്പയെ വിമർശിക്കുന്നവർ കായിക ലോകത്തെയാണ് ആക്ഷേപിച്ചത്. ഇത് പിൻവലിച്ച് മാപ്പ് പറയണമെന്നും മന്ത്രി തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

********************

## GEORGE KURIAN

പത്തനംതിട്ട കീക്കൊഴൂർ ഓർത്തഡോക്സ് പള്ളിയുടെ ശതാബ്ദിയാഘോഷത്തിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യപ്രഭാഷണം നടത്തി. വിശ്വാസികൾ വിശുദ്ധന്മാരായ പത്രോസിനേയും പൗലോസിനെയും മാതൃകയാക്കണമെന്ന് മന്ത്രി പറഞ്ഞു.

********************

HEADLINE-6

## WOMENS HOCKEY

വനിതാ എഫ്ഐഎച്ച് പ്രോ ലീഗ് ഹോക്കിയിൽ ഇന്ന് ഇന്ത്യ - ചൈന പോരാട്ടം. ബെർലിനിൽ രാത്രി 8 മണിക്കാണ് മത്സരം. ഇന്നലെ, ചൈന ഇന്ത്യൻ ടീമിനെതിരെ 3-0 ന് വിജയം നേടി. നാലാം മിനിറ്റിൽ തന്നെ പെനാൽറ്റി കോർണർ നേടി ഇന്ത്യ മികച്ച തുടക്കം കുറിച്ചെങ്കിലും ഗോളാക്കി മാറ്റാൻ സാധിക്കാത്തത് വിജയമോഹങ്ങൾക്ക് മങ്ങലേല്പിച്ചു.

********************

## DAY KOLKATA - GANG RAPE

കൊൽക്കത്ത ലോ കോളേജിൽ നടന്ന കൂട്ടബലാത്സംഗക്കേസുമായി ബന്ധപ്പെട്ട് ദേശീയ വനിതാ കമ്മീഷൻ സംഘം സന്ദർശനം നടത്തി. കേസന്വേഷണത്തിനായി കൊൽക്കത്ത പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചു. സംഭവത്തിൽ സുരക്ഷാജീവനക്കാരനുൾപ്പെടെ നാലു പേരെ അറസ്റ്റു ചെയ്തിരുന്നു.

*

*********

*********************************